(6) ശ്രീ. ജോർജ്ജ് പോൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ
(7) ശ്രീ. ടി. നടരാജൻ (മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ)
(8) ശ്രീ. ടി. എസ്. മണി (മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, റിട്ട.)
(9) ശ്രീ. ഗോപാലകൃഷ്ണൻ (മുൻ ചീഫ് എഞ്ചിനീയർ, റിട്ട.)
(10) ശ്രീ. ആർ. ശങ്കര രാമ അയ്യർ (മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ)
(11) ശ്രീ. എൻ. ബാലൻ (മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ)
(12) ശ്രീ. പി. എം. ശ്രീനിവാസൻ (മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ)
(13) ശ്രീ. വി. ഉദയകുമാർ, മാനേജിംഗ് പാർട്ടനർ

മെസ്സേഴ്സ് ഇന്ദിരാ എഞ്ചിനീയറിംഗ് കോർപ്പറേഷൻ ആൻറ് മെസേഴ്സ് ദീപാ എഞ്ജൻസീസ് കോയമ്പത്തൂർ.

ഇവരിൽ താഴെ പറയുന്ന ഉദ്യോഗസ്ഥൻമാരെ അവർക്കെതിരെയുള്ള അന്വേഷണത്തിനു വിധേയമായി സർവ്വീസിൽനിന്നു ഗവൺമെൻറ് 24-10-1985 ൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(1) ശ്രീ. വി. കെ. സുശീലൻ, മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ
(2) ,, പി. വി. കൃഷ്ണൻ ,,
(3) ,, ജോർജ്ജ് തോമസ്സ് ,,
(4) ,, ടി. നടരാജൻ ,,
(5) ,, റ്റി. എസ്. മണി, മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ
(6) ,, എൻ. ബാലൻ ,,
(7) ,, പി. എം. ശ്രീനിവാസൻ, മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ

പി. വി. സി. പൈപ്പുകൾ വാങ്ങിയതിൽ അഴിമതികൾ നടന്നിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല. ആവശ്യത്തിൽ കൂടുതൽ വാങ്ങി സൂക്ഷിച്ചു എന്നാണ് ഓഡിറ്റർ ജനറലിൻെറ റിപ്പോർട്ട്. അത് ഗവൺമെൻറ് പരിശോധിച്ചു വരുന്നു.

ഉത്തരം (എ), (ബി) കാണുക

കേരള ജല-അതോറിറ്റിയിൽ നിയമനം നടത്തുന്നതിന് നടത്തിയ എഴുത്തുപരീക്ഷയുടെ ഉത്തരക്കടലാസ്

* 30 [30] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
,, എ. സി. ഷൺമുഖദാസ് :
,, വി. സി. കബീർ ;
,, സിറിയക് ജോൺ :
,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജല അതോറിറ്റിയിൽ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടത്തിയ എഴുത്തുപരീക്ഷയുടെ ഉത്തരക്കടലാസ് അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാർ കാലാവധി തീരുന്നതിനു മുൻപ് നശിപ്പിച്ചു എന്നറിയുന്നത് ശരിയാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിൻമേൽ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(സി) ഉത്തരക്കടലാസുകൾ അതോറിറ്റി ആഫീസിൽ എത്ര വർഷം വരെ സൂക്ഷിക്കണമെന്നാണ് വ്യവസ്ഥ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി : (ശ്രീ. കെ. എം. മാണി)

(എ) ശരിയല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉത്തരക്കടലാസുകൾ ഇത്രകാലം സൂക്ഷിക്കണമെന്നുള്ള യാതൊരു വ്യവസ്ഥയും നിലവിലില്ല.

ഹിൽഹൈവെ പദ്ധതി

* 31 .[31] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽഹൈവേ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് അവസാനമായി ഗവൺമെൻറ് കൈക്കൊണ്ട തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി ഉപേക്ഷിച്ചോ ;

(സി) ഉപേക്ഷിച്ചെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

(ഉപമുഖ്യമന്ത്രി) : ശ്രീ. കെ. അവുക്കാദർകുട്ടി നഹ

(എ), (ബി) വിശദമായ പരിശോധനയിൽ ഹിൽഹൈവേ പദ്ധതി അപ്രായോഗികമാണെന്നും അതുകൊണ്ട് മേൽ നടപടി ആവശ്യമില്ലെന്നുമാണ് സർക്കാർ എടുത്തിട്ടുള്ള തീരുമാനം.

(സി) ഈ പദ്ധതിക്ക് ഉണ്ടാകാവുന്ന വൻപിച്ച സാമ്പത്തിക ബാദ്ധ്യത, ഇത് പരിസ്ഥിതിയിൽ ഉണ്ടാക്കാവുന്ന ദോഷഫലങ്ങൾ, പുറമെ നിന്ന് സാമ്പത്തികസഹായം കിട്ടാനുള്ള സാദ്ധ്യതക്കുറവ്, വനസംരക്ഷണ നിയമപ്രകാരം കേന്ദ്രഗവൺമെൻറിൽ നിന്നും അനുവാദം കിട്ടുന്നതിനുള്ള പ്രയാസം എന്നിവയാണ് ഈ പദ്ധതി ഉപേക്ഷിക്കാനുണ്ടായ പ്രധാന കാരണങ്ങൾ.

സംസ്കൃത സർവ്വകലാശാല

* 32 [32] ശ്രീ. ലോനപ്പൻ നമ്പാടൻ :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്ഥാപിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച സംസ്കൃത സർവ്വകലാശാല സ്ഥാപിക്കുന്ന നടപടി എന്തായി ;

(ബി) സ്പെഷ്യൽ ഓഫീസറായി ഗവൺമെൻറ് നിശ്ചയിച്ച ഡോക്ടർ പി. കെ. നാരായണപിള്ളയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുവോ ; എങ്കിൽ എന്ന് ;

(സി) ഈ റിപ്പോർട്ട് സർക്കാർ പരിഗണിച്ചുവോ ;

(ഡി) ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly